വെളിയിൽ നിന്നും സ്നേഹത്തിന്റെ ശബ്ദങ്ങളും ചലനങ്ങളും അനുഭവിക്കുന്നുവെന്നുള്ള പ്രസ്താവന അന്ധവിശ്വാസവും അബോധമനസ്സിലെ മിഥ്യയുമാണെന്നു തിരിച്ചടിച്ചു. ഇരട്ടക്കുഞ്ഞുങ്ങളുടെ വാദപ്രതിവാദം മാസങ്ങൾ നീണ്ടുനിന്നു – അവർ തമ്മിൽ അടിപിടി നടന്നില്ല എന്നു മാത്രം!!

ഒമ്പതുമാസം കഴിഞ്ഞപ്പോൾ മാതാവ് ഇരട്ടക്കുഞ്ഞുങ്ങളെ പ്രസവിച്ചു. ജനനാന്തരലോകത്തിൽ വിശ്വാസമില്ലാതിരുന്ന നാസ്തികശിശു പുതിയ ലോകത്തെ കണ്ടു ലജ്ജിച്ചു. മറ്റേ ശിശു അനുഭവിച്ചുവെന്നവകാശപ്പെട്ട ബാഹ്യസ്പർശനങ്ങളും സ്നേഹവും മിഥ്യയല്ലായിരുന്നെന്നും, തങ്ങൾ വയറ്റിൽ കിടക്കുമ്പോൾ മുതൽ മാതാപിതാക്കൾ തങ്ങളെ സ്നേഹിച്ചുകൊണ്ടിരുന്നു എന്നും വിശ്വാസിയല്ലാത്ത ശിശുവിന് സമ്മതിക്കേണ്ടതായി വന്നു.

നിരീശ്വരവാദിയായ സ്നേഹിതാ, ഞങ്ങൾ വിശ്വാസികൾ ഒരു സ്വർഗ്ഗലോകത്തിലെ ചലനങ്ങളെപ്പറ്റിയും പിതാവായ ദൈവത്തിന്റെ സ്നേഹത്തെപ്പറ്റിയും പറയുന്ന കാര്യങ്ങൾ നിങ്ങൾക്ക് ഒരു മിഥ്യയായി തോന്നിയേക്കാം. എന്നാൽ, ഈ താൽക്കാലിക ലോകത്തിനപ്പുറത്ത് ഒരു ബാഹ്യലോകമുണ്ട്. അവിടെ നരകവും സ്വർഗ്ഗവും ഉണ്ട്. ഒരു ദിവസം താങ്കളുടെ ശരീരത്തെ ലോകമാതാവുമായി ബന്ധിപ്പിക്കുന്ന ജീവൻ എന്ന ചരട് അറ്റുപോകും. അന്ന് നിങ്ങളുടെ ആത്മാവ് നിത്യത എന്ന യാഥാർത്ഥ്യത്തെ നേരിടും. വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആ ദിവസം ഒരു സുദിനം ആയിരിക്കും. നിരീശ്വരന് ആ ദിവസം ഒരു ദുർദ്ദിനവും! ഒന്നുകിൽ നിത്യപറുദീസ. അല്ലെങ്കിൽ നിത്യനരകം.

വായനക്കാരാ, താങ്കൾ ഒരു വിശ്വാസിയാകുക. മാനസാന്തരപ്പെട്ട് കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷത്തിൽ വിശ്വസിക്കുക. താങ്കൾക്കു നഷ്ടപ്പെടാനൊന്നുമില്ല; നേടുവാനോ വളരെയുണ്ടുതാനും. യേശു പ്രഖ്യാപിച്ചു: “എന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്.” (പുതിയനിയമം: യോഹന്നാൻ 6:40). യേശു വീണ്ടും പ്രഖ്യാപിച്ചു: “ഞാൻ വഴിയും സത്യവും ജീവനുമാകുന്നു. എന്നിലൂടെയല്ലാതെ ആരും പിതാവായ ദൈവത്തിന്റെ അടുക്കൽ എത്തുന്നില്ല” (യോഹന്നാൻ 14:6).

---

**“What If There is No Heaven or Hell,” Ezhamkulam C. Samkutty, MA, Ph.D.**
Copyright: E.C. Samkutty.
First Published: December 1983. Sixth Printing, December 2012.
Jeevan Books, P.O. Box 61, Adur 691523, PTA Dt. ecsamkutty@hotmail.com
ecsamkutty@yahoo.com Darsana Printers, Thottahagom, Thiruvalla

Contact Address & Phone



# സ്വർഗ്ഗവും നരകവും ഇല്ലെങ്കിൽ?

## പ്രൊഫസർ ഏഴംകുളം സാംകുട്ടി

വായനക്കാരെ അല്പനേരത്തേക്ക് ഒരു ഭാവനാ ലോകത്തിലേക്ക് ഞാൻ ക്ഷണിക്കുകയാണ്. നമുക്കൊന്നിച്ച് സങ്കല്പ ലോകത്തിലൂടെ ഒരു യാത്ര നടത്താം.

ഈശ്വരവിശ്വാസിയായ ഞാൻ മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്നു. നീതിമാനു സ്വർഗ്ഗവും ദുഷ്ടനു നരകവും ലഭിക്കുമെന്നു വിശ്വസിക്കുന്നു. എന്റെ വിശ്വാസം തെറ്റാണെന്ന് ഒന്നു ഭാവന ചെയ്തു നോക്കുക.

സ്വർഗ്ഗം ഇല്ല. നരകം ഇല്ല. മരണാനന്തര ജീവിതം ഇല്ല. ദൈവം ഇല്ല. ആത്മാവില്ല. ന്യായവിധി ഇല്ല.

ഇത്രനാൾ ഞാൻ വിശ്വസിച്ചതെല്ലാം ഭോഷത്വമാകും. ദൈവാരാധനയ്ക്കു ചെലവഴിച്ച സമയം പാഴായി. ആദ്ധ്യാത്മിക കാര്യങ്ങൾക്കു വേണ്ടി വിനിയോഗിച്ച സ്തോത്രകാഴ്ചയും സംഭാവനകളും വ്യർത്ഥമായി.

ആദ്ധ്യാത്മിക രംഗത്തിലെ എന്റെ സാഹിത്യപരിശ്രമങ്ങളെല്ലാം പ്രയോജനശൂന്യമായി. അവയ്ക്കുവേണ്ടി വിനിയോഗിച്ച പണവും സമയവും പാഴ്ചെലവായി. പകരം ലൈംഗികവാസനകൾ വളർത്തുന്ന വല്ല നോവലുകളോ നാടകങ്ങളോ എഴുതിയിരുന്നെങ്കിൽ പണവും പ്രസിദ്ധിയും പെട്ടെന്നു നേടാമായിരുന്നു. മതപരമായ കാര്യങ്ങളിൽ കാണിച്ച താത്പര്യം മറ്റേതെങ്കിലും ജനപ്രീതികരമായ വിഷയങ്ങളിലോ പത്രപ്രവർത്തനത്തിലോ വിനിയോഗിച്ചിരുന്നെങ്കിൽ പല ലൗകിക ഗുണങ്ങൾ കൈവരുമായിരുന്നു.

ക്രൈസ്തവസാഹിത്യ രംഗത്ത് പ്രവർത്തിച്ചതുമൂലം പല ഉല്ലാസവേളകളും വിശ്രമവേളകളും എനിക്കു നഷ്ടപ്പെട്ടിട്ടുണ്ട്. അവധി ദിവസങ്ങളിലും വിശ്രമവേളകളിലും കൂട്ടുദ്യോഗസ്ഥരുമായി കുശലം പറഞ്ഞ് നേരമ്പോക്കാസ്വദിക്കുന്നതും ഉല്ലാസയാത്രകളിൽ പങ്കെടുക്കുന്നതും എനിക്കു വലിയ ആഹ്ളാദമാണ്. ആദ്ധ്യാത്മികമായ ഉത്തരവാദിത്വങ്ങൾ മൂലം ഇത്തരം ആനന്ദപ്രദമായ അവസരങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറേണ്ടി വന്നിട്ടുണ്ട്. ജോലി കഴിഞ്ഞ് വീട്ടിൽ വന്നാലുടൻ പേനാ, പുസ്തകം, കടലാസ് എന്നീ സുഹൃത്തുക്കളിൽ മാത്രം ചിലപ്പോൾ സാമൂഹ്യജീവിതം പരിമിതപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. സമയം ലാഭിക്കാൻ വേണ്ടി പരിചയങ്ങളും സമ്പർക്കങ്ങളും വെട്ടിച്ചുരുക്കേണ്ടതായും വന്നിട്ടുണ്ട്.

കൂടാതെ ഒരു വിശ്വാസിയായതുകൊണ്ട് മദ്യപാനം, പുകവലി, വെറിക്കൂത്ത്, തുടങ്ങിയ ദുർമ്മാർഗ്ഗങ്ങളിൽ നിന്നും ഒഴിഞ്ഞു ജീവിക്കേണ്ടതായിവന്നു. തന്മൂലം നിരീശ്വരവാദികളായ ചില യുവാക്കളനുഭവിക്കുന്ന പല ആഹ്ളാദങ്ങളും സുഖങ്ങളുമനുഭവിക്കാൻ എനിക്കു കഴിഞ്ഞില്ല.

അങ്ങനെ ഈശ്വരവിശ്വാസിയായതുകൊണ്ട് പല നഷ്ടങ്ങളും പാഴ്ചെലവുകളുമുണ്ടായിട്ടുണ്ട്.

എന്നാൽ, ഇത്തരം നഷ്ടങ്ങൾക്കു പകരം എനിക്ക് ആദ്ധ്യാത്മിക ലോകത്തിൽ നിന്നും പലവിധ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ആത്മീയ രംഗത്ത് ധാരാളം സ്നേഹിതരെ സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; നല്ല കൂട്ടായ്മ ലഭിച്ചിട്ടുണ്ട്. കൂട്ടുവിശ്വാസികളുമായി ഒത്തു ചേർന്ന് പൊതു ജനങ്ങൾക്കു പ്രയോജനമുള്ള പല കാര്യങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. താൽക്കാലിക സുഖഭോഗങ്ങളിൽ നിന്നും അനാവശ്യാഡംബരങ്ങളിൽ നിന്നും ഒഴിഞ്ഞുനിന്നതുമൂലം ആരോഗ്യവും പണവും നല്ല മനസ്സാക്ഷിയും സൂക്ഷിക്കാൻ കഴിഞ്ഞു. ഒരു പൈസാപോലും മദ്യക്കച്ചവടക്കാരനു കൊടുത്തിട്ടില്ല. ചൂതുകളിക്കാരനും സിഗരട്ടുകമ്പനിക്കാരനും എന്നിൽ നിന്നും ഒരു ലാഭവും ഉണ്ടായിട്ടില്ല.

അങ്ങനെ, ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് ചെലവുകളും സമയനഷ്ടവും കുറെ ഉണ്ടായിട്ടുണ്ടെങ്കിലും, മറുവശത്ത് പ്രയോജനകരമായ പലതും മതത്തിൽ നിന്നു കിട്ടിയിട്ടുണ്ട്. ഇരുവശവും തട്ടിച്ചു നോക്കുമ്പോൾ, മരണാനന്തരജീവിതം എന്നൊന്ന് ഇല്ലെങ്കിലും എനിക്ക് ഭീമമായ നഷ്ടമൊന്നും ഉണ്ടായിട്ടില്ല. അങ്ങേയറ്റം, ജീവിച്ചിരുന്ന കാലത്ത് ഞാനൊരു മഠയനും മതഭ്രാന്തനുമായിരുന്നെന്നു തെളിയുമെന്നു മാത്രം. മരണാനനന്തര ജീവിതമില്ലാത്തതിനാൽ എനിക്കു പറ്റിയ മഠയത്തത്തെപ്പറ്റിയോ നഷ്ടങ്ങളെപ്പറ്റിയോ എനിക്കു ബോദ്ധ്യമുണ്ടായി മനഃപ്രയാസത്തിനു വഴിയുണ്ടാകയുമില്ല. മരണത്തോടുകൂടി ലാഭവും നഷ്ടവും അവസാനിച്ചു.

എന്റെ ഭാവനയുടെ മറുവശത്തേക്കു കടക്കാം. ഞാൻ വിശ്വസിക്കുന്നതും പറയുന്നതുമെല്ലാം ശരിയാണെന്നു തെളിഞ്ഞതായി സങ്കല്പിക്കുക. അതായത്, ദൈവം ഉണ്ട്. മരണാനന്തരജീവിതമുണ്ട്. സ്വർഗ്ഗമുണ്ട്. നരകമുണ്ട്. ന്യായവിധിയുണ്ട്.

ഞാനും ഒരു നിരീശ്വരവാദിയും ഒന്നിച്ച് ഒരു കാറപകടത്തിൽ മരിച്ചെന്നു ഭാവന ചെയ്യുക. മരിച്ച് അഞ്ചു നിമിഷങ്ങൾക്കു ശേഷം എന്റെ സ്ഥിതിയെന്ത്? കൂടെ മരിച്ച നാസ്തികന്റെ അവസ്ഥയെന്ത്?

ഈശ്വരനെ തള്ളിപ്പറഞ്ഞ അയാൾക്ക് സകലവും നഷ്ടമായി. സ്വർഗ്ഗം നഷ്ടമായി. നിത്യശാന്തി കൈവിട്ടുപോയി. അയാൾ പ്രപഞ്ചത്തിലെ ഏറ്റവും നിർഭാഗ്യവാനായിക്കഴിഞ്ഞു. അയാൾ ലോകത്തിൽ അനുഭവിച്ച ആഹ്ളാദങ്ങൾ വ്യർത്ഥമായിക്കഴിഞ്ഞു. ന്യായവിധിയും നരകവും അയാളുടെമേൽ അധികാരം സ്ഥാപിച്ചു കഴിഞ്ഞു.

എന്റെ സ്ഥിതിയോ? ഞാൻ പ്രപഞ്ചത്തിലേക്കും ഭാഗ്യവാൻ. സ്വർഗ്ഗം എനിക്ക്. നിത്യശാന്തി എനിക്ക്. ദൈവത്തെ എനിക്കു നേരിൽ കാണാം. നരകത്തിൽ നിന്നും ഞാൻ വിമുക്തൻ! ഭൂമിയിൽ വച്ചു ഞാൻ സമ്പാദിച്ച, എനിക്കു മുമ്പേ മരിച്ചുപോയ ആത്മീയ സ്നേഹിതരെ വീണ്ടും കാണാം. മരിച്ച ബന്ധുജനങ്ങളെയും കാണാം. ഭൂമിയിൽ ജീവിക്കുമ്പോൾ ദൈവനാമത്തിനുവേണ്ടി ചെലവിട്ട പണവും സമയവും അദ്ധ്വാനവും ബാങ്കിലെ നിക്ഷേപം പോലെ എനിക്കു പ്രതിഫലം ലഭ്യമാക്കുന്നു. ലൗകിക ജീവിതത്തിൽ ഒഴിഞ്ഞുമാറിയ ആഹ്ളാദങ്ങൾക്കു പകരം നിത്യ



മായ സ്വർഗ്ഗീയസന്തോഷത്തിന് ഞാനവകാശിയായിത്തീർന്നിരിക്കുന്നു! സ്വർഗ്ഗീയസദസ്സിൽ ഞാനൊരു വിജയിയായി തീരുന്ന ദിവസം. ഹാ, ഞാൻ എത്ര ഭാഗ്യവാൻ!

നിരീശ്വരവാദി ഈ ലോകത്തിലും ഒരു തരം മനോവ്യാധി അനുഭവിച്ചേ പറ്റൂ. "ദൈവം ഒരു പക്ഷേ ഉണ്ടോ, ഉണ്ടെങ്കിൽ എന്റെ മരണാനന്തരജീവിതം നരകത്തിലായിപ്പോവില്ലേ?" എന്നിങ്ങനെയുള്ള ആകുലചിന്തകൾ ഭൂമിയിലെ ജീവിതകാലം മുഴുവൻ നിരീശ്വരനെ അലട്ടിക്കൊണ്ടിരിക്കും. നിരീശ്വരന്റെ സ്വപ്നങ്ങൾ ഭയാനകങ്ങളാണെന്ന് ആധുനിക മനഃശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. അബോധമനസ്സിൽ നിരീശ്വരൻ മരണാനന്തരാവസ്ഥയെപ്പറ്റി ആകുലചിന്തപേറി നടക്കുന്നു. വിശ്വാസി ഇവ്വിധ ആകുലചിന്തകളിൽ നിന്നും സ്വതന്ത്രനാണ്.

ചുരുക്കിപ്പറഞ്ഞാൽ, ഒരു പക്ഷേ ദൈവം ഇല്ലെങ്കിലും എനിക്കു വലിയ നഷ്ടമില്ല. എന്നാൽ, ദൈവം ഉണ്ടെങ്കിൽ നിരീശ്വരനു സകലവും നഷ്ടമായില്ലേ?

മരണാനന്തരജീവിതത്തിൽ ചിലർക്കു വിശ്വാസമില്ലാത്തതു പോലെ, ജനനാനന്തര ജീവിതത്തിൽ വിശ്വാസമില്ലാതിരുന്ന ഒരു ശിശുവിന്റെ കഥ കേട്ടിട്ടുണ്ട്. നേരമ്പോക്കു കഥയെങ്കിലും അല്പം ചിന്തിക്കാൻ അതു വക നൽകുന്നു.

അമ്മയുടെ ഗർഭാശയത്തിൽ കിടന്നുകൊണ്ട് ഇരട്ടക്കുഞ്ഞുങ്ങൾ അന്യോന്യം വാദപ്രതിവാദം നടത്തി. ഒരു കുഞ്ഞ് വിശ്വാസിയാണ്; മറ്റേത് അവിശ്വാസി. ഗർഭാശയത്തിലെ നാഭിരജ്ജുവിൽ നിന്നും ബന്ധംവിട്ട് ബാഹ്യലോകത്തേക്കു വന്നാൽ പിന്നെ ജീവിതമില്ലെന്നായിരുന്നു അവിശ്വാസിയായ ശിശുവിന്റെ വാദം. ശിശുക്കൾക്ക് ജനനാനന്തരജീവിതം നൽകാൻ കഴിവുള്ള യാതൊരു ദിവ്യശക്തിയും ഗർഭാശയലോകത്തെ നിയന്ത്രിക്കുന്നില്ലെന്നും തങ്ങൾ വെറും യാദൃച്ഛികമായുണ്ടായതാണെന്നും ആ ശിശു വാദിച്ചു.

"പൊക്കിൾ കൊടി പൊട്ടുമ്പോൾ, പിന്നെ ശിശുക്കൾക്ക് ജീവിക്കാനാവില്ല. മാതാവുമായി ബന്ധിപ്പിക്കുന്ന മാംസച്ചരടു പൊട്ടിയാൽ പിന്നെ നമുക്ക് ആഹാരം വലിച്ചെടുക്കാൻ സാധ്യമല്ല; പ്രാണവായു കിട്ടില്ല. ഗർഭാശയത്തിനു പുറത്ത് മറ്റൊരു ലോകമില്ല." അവിശ്വാസിയായ ശിശുവിന്റെ വാദമിങ്ങനെയായിരുന്നു.

വിശ്വാസിയായ ശിശു തിരിച്ചടിച്ചു. "നാം യാദൃച്ഛികമായുണ്ടായവരല്ല. മാതാപിതാക്കളുടെ ഇഷ്ടാനുസരണം ഉണ്ടായവരാണ്. ഗർഭാശയത്തിനു വെളിയിൽ ഒരു ലോകമുണ്ട്. നാം ഇപ്പോൾ കിടക്കുന്ന ലോകത്തിൽ നിന്നും പുറംലോകം വ്യത്യസ്തമെങ്കിലും ബാഹ്യലോകത്തിൽ ആഹാരത്തിനും പ്രാണവായുവിനും പ്രത്യേക ക്രമീകരണങ്ങളുണ്ട്. ബാഹ്യലോകം ഗർഭാശയത്തേക്കാൾ മെച്ചമാണ്. അവിടെ, നമ്മെ സന്തോഷിപ്പിക്കാനും താരാട്ടുപാടി താലോലിക്കാനും പലരും നമ്മുടെ ജനനം പ്രതീക്ഷിച്ചുകഴിയുന്നു. ഈയിടയായി വെളിയിൽ നിന്നും സ്നേഹത്തിന്റെ ചില ശബ്ദങ്ങളും ചലനങ്ങളും ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീപുരുഷന്മാർ ആരൊക്കെയോ നമ്മെ ശ്രദ്ധിക്കുന്നുണ്ട്."

നിരീശ്വരശിശു ഇതൊന്നും സമ്മതിച്ചുകൊടുത്തില്ല. ഗർഭാശയത്തിനു